**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2661** **13-02-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിൽ ആശ്രിതരെ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയിൽ ആശ്രിതരെ ഉൾപ്പെടുത്താൻ സമയം അനുവദിച്ചിരുന്നത് ഏത് തീയതിവരെയാണെന്ന് വ്യക്തമാക്കുമോ; | (എ) | **സർക്കാരും ഇൻഷ്വറൻസ് കമ്പനിയും തമ്മിൽ ഒപ്പിട്ട കരാർ പ്രകാരം പദ്ധതി ആരംഭിച്ച 01.07.2022 മുതൽ 60 ദിവസം വരെയാണ് ഗുണഭോക്താക്കളുടെ ആശ്രിതരെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സമയം അനുവദിച്ചിരുന്നത്. 06.08.2022 തീയതിയിലെ പരിപത്രം നം. 68/2022/ധന -യിൽ ഇതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശം ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു.** |
| (ബി) | പ്രസ്തുത തീയതിക്ക് ശേഷം ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 'New born babies' 'Newly married spouse എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആശ്രിതരെ മാത്രമേ പോളിസി വർഷത്തിനിടക്ക് പുതിയതായി കാർഡിൽ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂവെന്ന വ്യവസ്ഥ കരാറിൽ ഉള്ളതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കൂട്ടി ചേർത്ത മേൽപ്പറഞ്ഞതല്ലാത്ത ആശ്രിതരുടെ ഡാറ്റാ ഒന്നാം പോളിസി കാലയളവിൽ കമ്പനിക്ക് നൽകുവാനോ ഡാറ്റയിൽ തിരുത്തൽ വരുത്തുവാനോ കഴിയുകയില്ല. എന്നാൽ രണ്ടാം പോളിസി കാലയളവ് ആരംഭിക്കുന്നതിനു മുൻപ് തന്നെ അന്തിമമായി ഡാറ്റയിൽ കൂട്ടിച്ചേർക്കലുകൾ/ തിരുത്തലുകൾ/ ഒഴിവാക്കലുകൾ വരുത്തുന്നതിന് 15/06/2023 തീയതിയിൽ സർക്കുലർ നം. 57/2023/ധന പ്രകാരം നിർദ്ദേശം നൽകുകയും രണ്ടാം പോളിസി കാലയളവായ 01.07.2023 - ന് മുൻപ് ഇത്തരത്തിൽ ലഭ്യമാക്കിയ ആശ്രിതരുടെ വിവരങ്ങൾ രണ്ടാം പോളിസി കാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറി കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | 'New born babies' 'Newly married spouse എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആശ്രിതരെ മാത്രമേ പോളിസി വർഷത്തിനിടക്ക് പുതിയതായി കാർഡിൽ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂവെന്ന വ്യവസ്ഥ കരാറിൽ ഉള്ളതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കൂട്ടി ചേർത്ത മേൽപ്പറഞ്ഞതല്ലാത്ത ആശ്രിതരുടെ ഡാറ്റാ ഒന്നാം പോളിസി കാലയളവിൽ കമ്പനിക്ക് നൽകുവാനോ ഡാറ്റയിൽ തിരുത്തൽ വരുത്തുവാനോ കഴിയുകയില്ല. എന്നാൽ രണ്ടാം പോളിസി കാലയളവ് ആരംഭിക്കുന്നതിനു മുൻപ് തന്നെ അന്തിമമായി ഡാറ്റയിൽ കൂട്ടിച്ചേർക്കലുകൾ/ തിരുത്തലുകൾ/ ഒഴിവാക്കലുകൾ വരുത്തുന്നതിന് 15/06/2023 തീയതിയിൽ സർക്കുലർ നം. 57/2023/ധന പ്രകാരം നിർദ്ദേശം നൽകുകയും രണ്ടാം പോളിസി കാലയളവായ 01.07.2023 - ന് മുൻപ് ഇത്തരത്തിൽ ലഭ്യമാക്കിയ ആശ്രിതരുടെ വിവരങ്ങൾ രണ്ടാം പോളിസി കാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറി കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരുടെ പ്രൊഫൈലിൽ അശ്രിതരെ ഉൾപ്പെടുത്തിയതായി കാണുകയും, മെഡിസെപ്പ് കാർഡിൽ ആശ്രിതരുടെ പേര് വിവരം ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ? | (ഡി) | **ഗുണഭോക്താക്കളെയും അവരുടെ ആശ്രിതരെയും സമയബന്ധിതമായി മെഡിസെപ് പോർട്ടലിൽ ഉൾപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ്തല നോഡൽ ഓഫീസർമാർ, ഡി.ഡി.ഒ. മാർ, ട്രഷറി ഓഫീസർമാർ എന്നിവർ ഗുണഭോക്താക്കളുടെ ഡാറ്റാ മെഡിസെപ് പ്രൊഫൈലുകളിൽ അപ്ഡേറ്റ് ചെയ്യുമെങ്കിലും ഈ ഡാറ്റാ ധനകാര്യ (ഐ ടി എസ് എഫ്) വകുപ്പ് ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറുന്ന മുറയ്ക്ക് മാത്രമേ മെഡിസെപ് കാർഡിൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. 'New born babies' 'Newly married spouse' എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആശ്രിതരെ മാത്രമേ പോളിസി വർഷത്തിനിടക്ക് പുതിയതായി കാർഡിൽ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂവെന്ന വ്യവസ്ഥ കരാറിൽ ഉള്ളതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കൂട്ടി ചേർത്ത മേൽപ്പറഞ്ഞതല്ലാത്ത ആശ്രിതരുടെ ഡാറ്റാ ഒന്നാം പോളിസി വർഷത്തിൽ കമ്പനിക്ക്** |

| | | | |
|---|---|---|---|
| | | | **നൽകുവാനോ ഡാറ്റയിൽ തിരുത്തൽ വരുത്തുവാനോ കഴിയുമായിരുന്നില്ല എന്നതാണിതിനുള്ള കാരണം.** |

സെക്ഷൻ ഓഫീസർ